# പതിനാലാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3595 | 11.12.2018 ലെ മറുപടിക്ക്

### കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനായുള്ള സോഫ്റ്റ് വെയർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ടി.വി.ഇബ്രാഹിം | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് ഉപയോഗിക്കുന്ന സങ്കേതം സോഫ്റ്റ് വെയർ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് ഉപയോഗിക്കുന്ന സങ്കേതം സോഫ്റ്റ് വെയർ മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.<br>ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പോളിസിയുടെ ഭാഗമായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വികസിപ്പിച്ചെടുത്ത IBPMS സോഫ്റ്റ് വെയറാണ് ഇതിനുപകരം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി സോഫ്റ്റ് വെയർ നഗരസഭകളിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള ഡെമോൺസ്ട്രേഷനും ട്രെയിനിംഗും, പൈലറ്റ് ട്രയൽ റണ്ണും പുരോഗമിച്ച് വരുന്നു. |
| (ബി) | ഏതെങ്കിലും പഠനത്തിന്റെയോ കണ്ടെത്തലിന്റെയോ അടിസ്ഥാനത്തിലാണോ സോഫ്റ്റ് വെയർ മാറ്റുന്നതെന്ന് അറിയിക്കാമോ; | (ബി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പോളിസിയുടെ ഭാഗമായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ നൂതനമായ IBPMS സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | സങ്കേതം സോഫ്റ്റ് വെയറിൽ നിന്ന് മാറുമ്പോൾ പൊതുജനങ്ങൾ, ഉദ്യോഗസ്ഥർ, പ്ലാനുകൾ തയ്യാറാക്കുന്നവർ എന്നിവർക്കുണ്ടാകാൻ സാധ്യതയുള്ള ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ ചെയ്യുന്ന കാര്യങ്ങൾ അറിയിക്കാമോ; | (സി) | സങ്കേതം സോഫ്റ്റ് വെയറിൽ നിന്നും മാറുമ്പോൾ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും ഉദ്യോഗസ്ഥർക്കും ട്രെയിനിംഗും ഡെമോൺസ്ട്രേഷൻ ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (ഡി) | സങ്കേതത്തിന് പകരം ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | IBPMS സോഫ്റ്റ്‌വെയർ മുഖേനെ ഏതൊരു അപേക്ഷകനും ലേ ഔട്ട്, കെട്ടിട നിർമ്മാണാനുമതിക്കായി ബിൽഡിംഗ് പ്ലാൻ അപേക്ഷകൾ, അനുബന്ധ രേഖകൾ എന്നിവ ഓൺലൈനായി നല്കാൻ സാധിക്കും. കൂടാതെ ഈ അപേക്ഷകൾ ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും നിർമ്മാണാനുമതി ഓൺലൈനായിത്തന്നെ നല്കുന്നതിനും ഈ സോഫ്റ്റ്‌വെയറിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ